**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1561** **16-10-2026-ൽ മറുപടിയ്ക്ക്**

**ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 2023-24 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ അനുവദിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

**മറുപടി:** പടലിക്കാട് ജി.എൽ.പി.എസ് കളിസ്ഥല വികസന പ്രവൃത്തിക്കായി മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ ഭരണാനുമതിയും, സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന 92.59 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി M/S വല്ലമറ്റം കൺസ്ട്രക്ഷൻസ്, എറണാകുളം എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇൻഡോർഹാൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് പദ്ധതിയിൽ പ്രധാനമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇൻഡോർ ഹാളിന്റെ പ്ലിന്ത് ബീം വരെയുള്ള പ്രവൃത്തികൾ 8 മാസം മുമ്പേ പൂർത്തീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കരാറുകാരൻ താൽക്കാലികമായി പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. കോടതിയുടെ വിധി അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത പ്രവൃത്തി നിലവിൽ തടസ്സപ്പെട്ട് കിടക്കുകയാണോ; എങ്കിൽ കാരണം അറിയിക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മേൽപ്പറഞ്ഞ പദ്ധതി എന്നത്തേക്ക് പൂർണ്ണമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**